(ഡി) ടി സ്ഥലം ഉടനെ സർവ്വേ നടത്തി റെക്കാർഡുകൾ ലഭ്യമാക്കി പതിവ് ഭൂമിയാണെങ്കിൽ പതിച്ചു കൊടുക്കുന്നതാണ്.

പൊന്നുംവിലയ്ക്ക് ഭൂമി ഏടുത്ത വകയിൽ നൽകാനുള്ള കുടിശ്ശിക

72 (2128)ശ്രീ. വെങ്ങാനൂർ പി. ഭാസ്ക്കരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിനുവേണ്ടി വിഴിഞ്ഞം പുല്ലൂർക്കോണത്ത് ഭൂമിയെടുത്ത വകയിൽ പൊന്നുംവില കുടിശ്ശിക ആർക്കെങ്കിലും കൊടുക്കുവാനുണ്ടോ;

(ബി) പ്രസ്തുത ഭൂമി സർക്കാർ ഏറ്റെടുത്തിട്ട് എത്ര വർഷമായി എന്ന് വ്യക്തമാക്കുമോ;

(സി) വിഴിഞ്ഞം പുല്ലൂർക്കോണം വാലൻവിള വീട്ടിൽ കെ. സോമൻ എന്നയാളിന് കുടിശ്ശിക പൊന്നുംവില കൊടുക്കാൻ ഏതെങ്കിലും കോടതി ഉത്തരവായിട്ടുണ്ടോ;

(ഡി) എങ്കിൽ ഉത്തരവായിട്ട് എത്ര കാലമായി എന്ന് വ്യക്തമാക്കാമോ;

(ഇ) കോടതി ഉത്തരവനുസരിച്ച് കുടിശ്ശിക നൽകിയിട്ടുണ്ടോ;

(എഫ്) ഇല്ലെങ്കിൽ ഇതിനുള്ള കാരണം വിശദമാക്കുമോ;

(ജി) കുടിശ്ശിക ലഭിക്കുവാനായി എന്തെങ്കിലും പരാതി സർക്കാരിന് ലഭിച്ചിട്ടുള്ളതായി അറിയുമോ;

(എച്ച്) വസ്തു ഉടമയുടെ പരാതിക്ക് പരിഹാരം കാണാത്തതിനാൽ ഏതെങ്കിലും എം.എൽ.എ.വഴി പരാതി നൽകിയിട്ടുള്ളതായി അറിയുമോ;

(ഐ) എങ്കിൽ അപ്രകാരം എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ജെ) പ്രസ്തുത എം.എൽ.എ. നൽകിയ നിവേദനത്തിന് എത്ര മറുപടികൾ നൽകിയിട്ടുണ്ടെന്നറിയിക്കുമോ;

(കെ) എം.എൽ.എ.മാർ വഴി നൽകുന്ന നിവേദനത്തിൻമേൽ നടപടി സ്വീകരിക്കുന്നതിനുള്ള മാനദണ്ഡം വിശദമാക്കുമോ;

(എൽ) പരാതിക്കാരന്റെ നിവേദനത്തിന് പരിഹാരം കാണാതിരിക്കുകയും അതുപോലെ എം.എൽ.എ.വഴി നൽകിയ നിവേദനങ്ങൾക്ക് റവന്യൂ വകുപ്പിൽ നിന്നും ഒരു മറുപടി പോലും നൽകാതിരിക്കുകയും ചെയ്തതിന് കാരണം വെളിപ്പെടുത്തുമോ;

(എം) പരാതിക്കാരന് എത്രയും വേഗം കുടിശ്ശിക തുക അനുവദിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പതിനേഴ് വർഷം.

(സി) ഉണ്ട്. തിരുവനന്തപുരം 11 അഡീഷണൽ സബ്കോടതി ഉത്തരവായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) 1997 മാർച്ച് 19-ാം തീയതി കോടതി ഉത്തരവായി. ടി ഉത്തരവ് 19.11.98ൽ ലഭിച്ചു.

(ഇ&എഫ്) 27.2.1991-ലെ തിരുവനന്തപുരം 11 അഡീഷണൽ സബ്കോടതിയുടെ ഉത്തരവ് അനുസരിച്ച് മുഴുവൻ തുകയും കോടതിയിൽ നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ 1997 മാർച്ച് 19-ാം തീയതിയിലെ കോടതി ഉത്തരവ് അനുസരിച്ച് നിക്ഷേപ തുക നിലവിലുള്ള ലാന്റ് അക്വിസിഷൻ നിയമമനുസരിച്ച് കൂടുതലായതിനാൽ പ്രസ്തുത വിധിക്കെതിരെ കോടതിയിൽ റെസ്റ്റിറ്റ്യൂഷൻ പെറ്റീഷൻ ഫയൽ ചെയ്തിട്ടുണ്ട്.

(ജി) അറിയാം.

(എച്ച്)&(ഐ) അറിയാം. നാല് പരാതികൾ ലഭിച്ചിട്ടുണ്ട്.

(ജെ) മൂന്ന്.

(കെ) എം.എൽ.എ.മാർ വഴി ലഭിക്കുന്ന നിവേദനത്തിന്, നിവേദനം ലഭിച്ചുകഴിഞ്ഞാലുടനെ ഇടക്കാല മറുപടിയും ബന്ധപ്പെട്ട ഓഫീസിൽ നിന്നും നിവേദനത്തിൻമേൽ വിശദമായ റിപ്പോർട്ട് വാങ്ങിയതിനുശേഷം അതിൻമേൽ തീരുമാനമെടുത്ത് അന്തിമ മറുപടിയും നൽകിവരുന്നു.

(എൽ) എം.എൽ.എ. വഴി ലഭിച്ച നിവേദനത്തിന് 1.4.98-ൽ ഇടക്കാല മറുപടിയും 1.3.1999-ൽ വിശദമായ മറുപടിയും റവന്യൂ വകുപ്പിൽ നിന്നും നൽകിയിട്ടുണ്ട്.

(എം) മേൽപ്പറഞ്ഞ റെസ്റ്റിറ്റ്യൂഷൻ പെറ്റീഷൻമേൽ കോടതിയുടെ വിധി ഉണ്ടാകുന്ന മുറയ്ക്ക് അനന്തര നടപടി സ്വീകരിക്കുന്നതാണ്.

ലീഗൽ മെട്രോളജി വകുപ്പിന്റെ മിന്നൽ പരിശോധന

73 (2129)ശ്രീ. ടി.എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ലീഗൽ മെട്രോളജി വകുപ്പ് കടകളിലും പെട്രോൾ പമ്പുകളിലും എത്ര മിന്നൽ പരിശോധനകൾ നടത്തിയിട്ടുണ്ട്;

(ബി) കുറ്റക്കാരെന്ന് കണ്ട എത്ര പേരുടെ മേൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ലീഗൽ മെട്രോളജി വകുപ്പ് കടകളിൽ ഏകദേശം 98,000 ഉം പെട്രോൾ പമ്പുകളിൽ 1,200 ഉം മിന്നൽ പരിശോധനകൾ നടത്തിയിട്ടുണ്ട്.

(ബി) 496 പെട്രോൾ പമ്പുകളുടെയും 46,061 കടകളുടെയും പേരിൽ നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പെട്രോൾ പമ്പുടമകളിൽ നിന്നും 20,10,500 രൂപയും മറ്റു കച്ചവടക്കാരിൽ നിന്ന് 2,40,18,768/- രൂപയും രാജി ഫീസ് ഈടാക്കിയിട്ടുണ്ട്. രാജിഫീസ് അടയ്ക്കാത്ത കുറ്റക്കാർക്കെതിരെ കോടതി നടപടി സ്വീകരിച്ചുവരുന്നു. ഓരോ

LIBRARY ARCHIVES Kerala Legislative Assembly